

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ



## 20. വിശിഷ്ടാദ്വൈതവും ദ്വൈതവും

## സമ്പൂർണ്ണകൃതികൾ: ഭാഗം IV

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്



© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


20 വിശിഷ്ടാദ്വൈതവും ദ്വൈതവും . . . . . . . . . . . . . 1

1 ഏകത്വത്തിൽ നാനാത്വം . . . . . . 3

2 ജഗത്ത് മിഥ്യയല്ല, സത്യമാണ് . . . . 4

3 രാമാനുജന്റെ ബ്രഹ്മം . . . . . . . . . . 5

4 ഭക്തിയുടെ പ്രാധാന്യം . . . . . . . . . 6

5 മാധ്വാചാര്യർ . . . . . . . . . . . . . 7

6 മദ്ധ്യകാലത്തെ തത്വചിന്ത . . . . . . 8

# 20

# വിശിഷ്ടാദ്വൈതവും ദ്വൈതവും

രാമാനുജാചാര്യർ ക്രിസ്ത്വബ്ദം 1027-ൽ തെക്കെ ഇന്ത്യയിലെ കാഞ്ചീവരത്തിനടുത്തുള്ള ശ്രീപെരുമ്പത്തൂരിൽ ജനിച്ചു. കുട്ടിക്കാലം മുതൽക്കുതന്നെ ആൾവാർമാരെന്ന പേരിലറിയപ്പെടുന്ന വൈഷ്ണവചിന്തകൻമാരുമായി ഇടപഴകാൻ അദ്ദേഹത്തിന് സാധിച്ചു. അവരുടെ കീഴിലാണ് അദ്ദേഹം വേദോപനിഷത്തുക്കളും വേദാന്തവും പഠിച്ചത്. യുവാവായപ്പോൾ വിവാഹം കഴിച്ചുവെങ്കിലും ഗൃഹസ്ഥാശ്രമം ഒട്ടും തന്നെ അദ്ദേഹത്തെ ആകർഷിച്ചില്ല. അതിനാൽ വീടും ഗ്രാമവും ഉപേക്ഷിച്ച് അദ്ദേഹം ഒരു സന്ന്യാസിയായി മാറുകയും ജീവിതസത്യമാരാഞ്ഞുകൊണ്ട് പലേടത്തും ചുറ്റി സഞ്ചരിക്കുകയും ചെയ്തു. അങ്ങനെ കുറെക്കാലം കഴിച്ചുകൂട്ടിയതിനുശേഷം ശ്രീരംഗത്ത് താമസിച്ചുകൊണ്ട് ശിഷ്യൻമാരിൽ ചിലരുടെ സഹായത്തോടുകൂടി വേദാന്തസാരം, വേദാന്തസംഗ്രഹം, വേദാന്തദീപം മുതലായ ഗ്രന്ഥങ്ങൾ രചിച്ചു. അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനമായ ഗ്രന്ഥം ബ്രഹ്മസൂത്രത്തിന്റെ ശ്രീ ഭാഷ്യമാണ്. അതിലാണ് അദ്ദേഹം തന്റെ സ്വന്തമായ തത്വശാസ്ത്രസമ്പ്രദായത്തിന്റെ പ്രധാനസിദ്ധാന്തങ്ങളുന്നയിച്ചത്. കെയിത്തിന്റെ അഭിപ്രായത്തിൽ ബ്രഹ്മസൂത്രത്തിൽ അദ്വൈതത്തിന്റെ അടിസ്ഥാനം കണ്ടെത്താൻ വേണ്ടി അതിനുമുമ്പ് നടത്തപ്പെട്ട ഏതു പരിശ്രമത്തേക്കാളുമധികം ശ്രീഭാഷ്യമാണ് ഗുണത്തിലും പൂർണതയിലും എത്രയോ അധികം മുന്തിനിൽക്കുന്നത്.

## 1 ഏകത്വത്തിൽ നാനാത്വം

രാമാനുജനും അദ്വൈതവാദിയാണ്. നിത്യവും സച്ചിദാനന്ദമയവുമായ ബ്രഹ്മമാണ് ഏകമായ സത്യം എന്ന് അദ്ദേഹം വാദിക്കുന്നു. പക്ഷേ, ആ ഏകത്വത്തിൽ നാനാത്വം അടങ്ങിയിട്ടുണ്ട്. ജഡവും ചൈതന്യവും — അബോധമായ ഭൗതികവസ്തുവും (അചിത്ത്) സംബോധമായ ആത്മാവും (ചിത്ത്) — ഉൾക്കൊള്ളുന്ന ബ്രഹ്മമാണ് ഏകമായ സത്യം എന്നാണദ്ദേഹം പറയുന്നത്. ചിത്തും അചിത്തും രണ്ടും ബ്രഹ്മത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. ശങ്കരാചാര്യർ നിർഗുണബ്രഹ്മത്തിലാണ് വിശ്വസിച്ചിരുന്നത്. രാമാനുജന്റെ ബ്രഹ്മം നിർഗുണബ്രഹ്മമല്ല. സഗുണബ്രഹ്മമാണ്. അതിനു വിഭുത്വവും സർവശക്തിത്വവും സർവജ്ഞത്വവുമുണ്ട്. അതിന് ജ്ഞാനം, ശക്തി, ഐശ്വര്യം തേജസ്, കൃപ, വാത്സല്യം മുതലായ ഗുണങ്ങളുണ്ട്. ഈ വിശേഷണങ്ങളെ അംഗീകരിക്കുകയും അവയുടെ പ്രാധാന്യം ഊന്നിപ്പറയുകയും ചെയ്യുന്നതുകൊണ്ടാണ് രാമാനുജന്റെ അദ്വൈതം വിശിഷ്ടാദ്വൈതമെന്ന പേരിലറിയപ്പെടുന്നത്. വിശേഷണങ്ങളോടുകൂടിയ അദ്വൈതമാണ് വിശിഷ്ടാദ്വൈതം.

അബോധമായ ജഡപ്രകൃതിയും സബോധമായ ആത്മാവുമടങ്ങിയ ബ്രഹ്മമാണ് ജഗത്തിന്റെ കാരണം. എട്ടുകാലി തന്റെ ശരീരത്തിൽ നിന്ന് വല കെട്ടിയുണ്ടാക്കുന്നതുപോലെ ബ്രഹ്മം തന്നിൽത്തന്നെയുള്ള അഹത്തിൽ നിന്ന് ഭൗതികലോകത്തെയും ആത്മാംശത്തിൽനിന്ന് ജീവാത്മാക്കളേയും സൃഷ്ടിക്കുന്നു. അതിസൂക്ഷ്മമായ അണുവാണ് ആത്മാവ്. അതുകൊണ്ടതിന് ഭൗതികമായ ഏത് അബോധവസ്തുവിലും പ്രവേശിക്കാൻ കഴിയും. അങ്ങനെയാണ് പ്രകൃതിയിൽ ജീവാത്മാവ് നിലനിൽക്കുന്നത്.

സ്വതേ നിത്യവും സചേതനവും പരിശുദ്ധവുമാണ് ജീവാത്മാവ്. ജഡത്തോട് ചേർന്ന് ശരീരത്തെ ധരിക്കേണ്ടിവരുമ്പോഴാണ് അതിന് സുഖദുഃഖങ്ങളുണ്ടാകുന്നത്. കർമമാണ് ഈ അവസ്ഥയിലേക്ക് ജീവാത്മാവിനെ നയിക്കുന്നത്. ആത്മാവിന്റെ അവിഭാജ്യഗുണങ്ങളാണ് ബോധവും ചൈതന്യവും. എന്നാൽ ശരീരത്തിലിരിക്കുന്നതുകൊണ്ട് ആ ബോധവും ചൈതന്യവും ജ്ഞാനേന്ദ്രിയങ്ങളാലും ഭൗതികശരീരത്താലും പരിമിതമാക്കപ്പെടുന്നു. ആത്മാവിന് ശരീരവുമായുള്ള ബന്ധം അതിന്റെ കർമത്തിനുള്ള ഫലമാണ്. ഓരോ ആത്മാവിനും അതതിന്റെ കർമമനുസരിച്ചുള്ള ശരീരമാണ് ലഭിക്കുന്നത്.

മനുഷ്യന് ശരീരവും ആത്മാവുമുണ്ട്. രണ്ടും ബ്രഹ്മത്തിന്റെ ഭാഗങ്ങളിൽ നിന്നുണ്ടായവയാണ്. സചേതനാചേതനങ്ങളായ സർവചരാചരങ്ങളും ബ്രഹ്മത്തിന്റെ ഭാഗങ്ങളാണ്. ഇങ്ങനെ, ഈശ്വരൻ പല രൂപത്തിലുമായി സ്വയം പ്രകാശിക്കുന്നു. എല്ലാറ്റിലും ഈശ്വരന്റെ അംശമാണുള്ളത്. സ്വർണ്ണം കൊണ്ടുണ്ടാക്കപ്പെട്ട എല്ലാ സാധനങ്ങളിലും സ്വർണമടങ്ങിയിട്ടുള്ളതുപോലെ സൃഷ്ടിക്കപ്പെട്ട എല്ലാ വസ്തുക്കളിലും ബ്രഹ്മമുണ്ട്. ബ്രഹ്മത്തെ ആശ്രയിച്ചാണവ നിലനിൽക്കുന്നത്.

## 2 ജഗത്ത് മിഥ്യയല്ല, സത്യമാണ്

ബാഹ്യലോകത്തെയും ബാഹ്യബന്ധങ്ങളെയും മാത്ര മംഗീകരിക്കുന്ന വസ്തുനിഷ്ഠമായ യാഥാർത്ഥ്യവാദത്തോടും ആശയത്തിനു പുറത്തു ലോകമില്ലെന്നു വാദിക്കുന്ന ആത്മനിഷ്ഠമായ ആദ്ധ്യാത്മികവാദത്തോടും രാമാനുജൻ യോജിക്കുന്നില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സൃഷ്ടിക്കപ്പെട്ട നാനാത്വത്തോടുകൂടിയ ജഗത്ത് ബ്രഹ്മം പോലെ തന്നെ യഥാർത്ഥമാണ്. അവയുടെ യാഥാർത്ഥ്യം ബ്രഹ്മത്തെ ആശ്രയിച്ചിരിക്കുന്നുവെന്നേയുള്ളൂ. ഭൗതികപ്രപഞ്ചത്തിനും ജീവാത്മാക്കൾക്കും സ്വതന്ത്രമായ നിലനിൽപുണ്ട്. അവയും ബ്രഹ്മവും ഒന്നല്ല. ബ്രഹ്മം സർവതന്ത്രസ്വതന്ത്രമാണ്. എല്ലാ അപൂർണതകളിൽനിന്നും മുക്തമാണ്. നേരെമറിച്ച്, ഭൗതികപദാർത്ഥം അബോധമാണ്. അചേതനമാണ്. ജീവാത്മാവാകട്ടെ, അജ്ഞാനത്തിനും ദുഃഖങ്ങൾക്കും വിധേയമായിരിക്കുന്നു. പക്ഷേ, ഈ അപൂർണതകളും പരിമിതികളുമെല്ലാമുണ്ടെങ്കിലും അവ നിലനിൽക്കുന്നു. അവ മിഥ്യയല്ല.

ഇങ്ങനെ സൃഷ്ടിയും സൃഷ്ടിക്കപ്പെട്ട ലോകവും മായയാണെന്ന ശങ്കരന്റെ വാദത്തെ രാമാനുജൻ എതിർക്കുന്നു. എല്ലാ ജ്ഞാനവും യഥാർത്ഥ്യത്തെപ്പറ്റിയുള്ള ജ്ഞാനമാണ്. യാഥാർത്ഥ്യം മായാഭ്രാന്തിയല്ല. കയറിൻകഷണം കാണുന്ന ഒരാൾ അതു പാമ്പാണെന്നു തെറ്റിദ്ധരിച്ചേക്കാം. പക്ഷേ, പാമ്പ് കേവലം അയഥാർത്ഥമാണെന്നു പറയാൻ കഴിയുമോ? ഇല്ല. എന്തുകൊണ്ടെന്നാൽ, കയറും സർപ്പവും ഒരേ ഭൂതങ്ങൾ — വെള്ളം, ഭൂമി, അഗ്നി എന്നീ മൗലികഘടകങ്ങൾ — കൂടിച്ചേർന്നുണ്ടായതാണ്. കയറിനെ പാമ്പെന്നു തെറ്റിദ്ധരിക്കുമ്പോഴും യഥാർത്ഥത്തിൽ നിലനിൽക്കുന്ന ആ മൗലികഘടകങ്ങളെയാണ് നമ്മൾ കാണുന്നത്. അയഥാർത്ഥമായി യാതൊന്നും കാണുന്നില്ല. ബ്രഹ്മം യഥാർത്ഥമാണ്. അതുകൊണ്ട് അതിനെ ആശ്രയിച്ചിരിക്കുന്ന ലോകവും യഥാർത്ഥമാണ്.

യാഥാർത്ഥ്യത്തെപ്പറ്റിയുള്ള ജ്ഞാനം പലപ്പോഴും അപൂർണമായിരിക്കാം അല്ലെങ്കിൽ തെറ്റായിരിക്കാം. ഉദാഹരണത്തിന് മഞ്ഞപ്പിത്തമുള്ള ഒരാൾ വെളുത്ത ശംഖിനെ മഞ്ഞനിറത്തിലുള്ളതായി കാണുന്നു. കണ്ണിലെ മഞ്ഞ നയനേന്ദ്രിയത്തിൽ നിന്നുള്ള രശ്മികളോടൊപ്പം ശംഖിൻമേൽ പതിക്കുകയും അതിൻഫലമായി ശംഖിന്റെ വെള്ളനിറം മഞ്ഞയായി കാണപ്പെടുകയും ചെയ്യുന്നു. ഡോക്ടർ രാധാകൃഷ്ണൻ ചൂണ്ടിക്കാണിക്കുന്നതുപോലെ ഈ വാദം എത്രതന്നെ അശാസ്ത്രീയമാണെങ്കിലും ശരി, ജ്ഞാനം എല്ലായ്പ്പോഴും യാഥാർത്ഥ്യത്തെപ്പറ്റിയുള്ള ജ്ഞാനമാണ് എന്ന തന്റെ വീക്ഷണഗതിയെ ഉപേക്ഷിക്കാൻ രാമാനുജൻ തയ്യാറില്ലെന്നാണിത് കാണിക്കുന്നത്.

യാഥാർത്ഥ്യത്തെപ്പറ്റിയുള്ള ജ്ഞാനം നേടുക സാധ്യമാണ്. സത്തയും ജ്ഞാനവും തമ്മിൽ ജ്ഞാതാവും ജ്ഞേയവും തമ്മിൽ നികത്താനാവാത്ത വൈരുദ്ധ്യമൊന്നുമില്ല. എന്നാൽ, യാഥാർത്ഥ്യത്തെപ്പറ്റിയുള്ള ജ്ഞാനമെന്നു പറയുമ്പോൾ മുഴുവൻ യാഥാർത്ഥ്യത്തെപ്പറ്റിയുള്ള ജ്ഞാനമാണതെന്ന് അദ്ദേഹം ഉദ്ദേശിക്കുന്നില്ല. യാഥാർത്ഥ്യത്തിന്റെ ചില അംശങ്ങൾ ഗ്രഹിക്കപ്പെടുകയും മറ്റംശങ്ങൾ ഉപേക്ഷിക്കപ്പെടുകയുമാണ് ചെയ്യുന്നത്. മഞ്ഞ ശംഖിനെ കാണുന്നവൻ ശംഖിന്റെ വെള്ളനിറത്തെ കാണുന്നില്ല. എല്ലാ ജ്ഞാനവും യാഥാർത്ഥ്യത്തിന്റെ ഏതെങ്കിലും ചില അംശങ്ങളെ മാത്രമാണ് പ്രതിനിധാനം ചെയ്യുന്നത്. യാഥാർത്ഥ്യത്തിന്റെ എല്ലാ അംശങ്ങളെയും പൂർണമായി മനസ്സിലാക്കാൻ കഴിയുന്നതുവരെ ജ്ഞാനവും അപൂർണമായിരിക്കും. പക്ഷേ, ഇതു സാധിക്കണമെങ്കിൽ ജ്ഞാതാവ് എല്ലാ ദോഷങ്ങളിൽനിന്നും മുക്തനായിത്തീരണം. ജീവാത്മാവിന് മുക്തിനേടാൻ കഴിയുമ്പോൾ മാത്രമേ സമ്പൂർണമായ ജ്ഞാനമുദിക്കുകയുള്ളൂ.

## 3 രാമാനുജന്റെ ബ്രഹ്മം

ശങ്കരന്റെ ആത്മബ്രഹ്മൈക്യവാദത്തോടും അഭേദ്യവാദത്തോടും രാമാനുജന് യോജിപ്പില്ല. ജീവാത്മാവ് പരമാത്മാവിൽ നിന്നു വ്യത്യസ്തമാണ് എന്നദ്ദേഹം ഊന്നിപ്പറയുന്നു. പരമാത്മാവിന്റെ ഭാഗമാണ് ജീവാത്മാവ് എന്നത് ശരിതന്നെ. പക്ഷേ, ഭാഗവും പൂർണരൂപവും ഒന്നല്ലല്ലോ. അവ തമ്മിൽ ഭേദമുണ്ട്. എന്നാൽ അതേ സമയത്തുതന്നെ ഒന്നു മറ്റേതിന്റെ ഭാഗമായതുകൊണ്ട് അഭേദവുമുണ്ട്. ജീവാത്മാവും പരമാത്മാവും തമ്മിൽ അന്യത്വവുമുണ്ട്, അനന്യത്വവുമുണ്ട് എന്നാണ് രാമാനുജന്റെ വാദം.

വിഷയിയും വിഷയവും ചിത്തും അചിത്തും രണ്ടും യഥാർത്ഥമാണ്. അവ തമ്മിൽ നിത്യവും ശാശ്വതവുമായ ബന്ധമുണ്ട്. ആ ബന്ധവും യഥാർത്ഥമാണ്. ആ ബന്ധത്തിലൂടെയാണ് ബ്രഹ്മം പ്രകടമാകുന്നത്. ഏകത്വം നാനാത്വത്തിൽ പ്രതിഫലിക്കുന്നു. ബ്രഹ്മമാണ് നിയന്താവ്. മനുഷ്യശരീരത്തെ ജീവാത്മാവ് നിയന്ത്രിക്കുന്നതുപോലെ പ്രകൃതിയെയും പ്രപഞ്ചത്തെയും സചേതനാചേതനങ്ങളായ ചരാചരങ്ങളെയും എല്ലാം ബ്രഹ്മം നിയന്ത്രിക്കുന്നു. ബ്രഹ്മമില്ലെങ്കിൽ ലോകവുമില്ല, മനുഷ്യനുമില്ല, ചരാചരങ്ങളുമില്ല. ബ്രഹ്മമില്ലെങ്കിൽ യാതൊന്നുമില്ല. എല്ലാം ബ്രഹ്മത്തെ ആശ്രയിച്ചിരിക്കുന്നു.

അചിത്തിനു മാറ്റങ്ങളുണ്ടാകും. എന്നാൽ ശരീരത്തിലുണ്ടാകുന്ന മാറ്റങ്ങൾ ആത്മാവിനെ ബാധിക്കുന്നില്ല. അതുപോലെ ലോകത്തിലുണ്ടാകുന്ന മാറ്റങ്ങളും മനുഷ്യനുണ്ടാകുന്ന സുഖദുഃഖങ്ങളും ബ്രഹ്മത്തേയും ബാധിക്കുന്നില്ല. അവയിൽനിന്നെല്ലാം സ്വതന്ത്രമാണ് ബ്രഹ്മം. ബ്രഹ്മത്തിനുമാത്രം യാതൊരു മാറ്റവുമില്ല. അതുകൊണ്ടാണ് ബ്രഹ്മം സത്യത്തിന്റെ സത്യം (സത്യസ്യസത്യം) എന്നുവിളിക്കപ്പെടുന്നത്.

## 4 ഭക്തിയുടെ പ്രാധാന്യം

ജീവാത്മാവ് ജഡശരീരത്താലും കർമത്താലും ബദ്ധമായിരിക്കുന്ന എന്ന പറഞ്ഞല്ലോ. ഈ സ്ഥിതി മാറ്റുന്നതിനാണ് രാമാനുജൻ മോക്ഷമെന്ന് പറയുന്നത്. ജീവാത്മാവിന്റെ സർവകർമനാശവും ജഡബന്ധനിവൃത്തിയുമാണ് മോക്ഷം. മോക്ഷത്തിന കർമയോഗം, ജ്ഞാനയോഗം, ഭക്തിയോഗം എന്നിങ്ങനെ വ്യത്യസ്ത മാർഗങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ ഭക്തിയേയാണ് രാമാനുജൻ ഊന്നുന്നത്. കർമം കൊണ്ട് വിശുദ്ധിയും ജ്ഞാനം കൊണ്ട് പരിപക്വതയും ഭക്തിക്കുണ്ടായിത്തീരുന്ന. അതാണ് കർമജ്ഞാനികളുടെ ഉപയോഗം.

എല്ലാ ജീവിതങ്ങളുടെയും കേന്ദ്രമായ ബ്രഹ്മത്തെ പ്രാപിക്കലാണ് ജീവാത്മാവിന്റെ ലക്ഷ്യം. എന്നാൽ ജീവനും ശരീരവും തമ്മിൽ വ്യത്യാസം കാണാത്തവൻ ഇഹലോകത്തിലെ സുഖഭോഗങ്ങളിലും സംസാരബന്ധങ്ങളിലും കിടന്ന കെട്ടിമറിയാനാഗ്രഹിക്കുന്ന. താൻ തന്നെയാണ് ശരീരമെന്നും ശരീരത്തിന്റെ ജനനമരണാദികൾ തന്റെ സ്വന്തം ജനനമരണാദികളാണെന്നും വിശ്വസിക്കുന്ന. ഈ അജ്ഞാനമാണ് കാമക്രോധമദമാത്സര്യങ്ങൾക്ക് കാരണം. സംസാരബന്ധങ്ങളെപ്പറ്റിയുള്ള വ്യാമോഹങ്ങളിൽ നിന്ന് മോചനം നേടണമെങ്കിൽ ജീവൻ പ്രകൃതിയിൽനിന്നും ശരീരത്തിൽ നിന്നും വ്യത്യസ്തമായ ആത്മാവാണെന്നും ആത്മാവ് ബ്രഹ്മത്തിന്റെ ഭാഗമാണെന്നും ബ്രഹ്മത്തെ ആശ്രയിച്ചാണതു നില നിൽക്കുന്നത് എന്നും മനസിലാക്കണം.

വേദോപനിഷത്തുകളും ശാസ്ത്രങ്ങളും വായിച്ചുകാണാപ്പാഠം പഠിക്കുന്നതുകൊണ്ടുമാത്രം ജ്ഞാനമുണ്ടാവില്ല. യഥാർത്ഥമായ ജ്ഞാനം ദൈവത്തെ ഭജിക്കുന്നതിലൂടെ മാത്രമേ ലഭിക്കുകയുള്ളൂ. നിഷ്കാമകർമമാണ് ഭക്തിയുടെ ആരംഭം. ആത്മനിഷ്ഠമായ സുഖത്തെയോ വസ്തുനിഷ്ഠമായ ഉപയോഗത്തെയോ പരിഗണിക്കാതെ ഫലേച്ഛയന്യേ, കർമത്തിനുവേണ്ടി കർമം ചെയ്യുകയാണാവശ്യം. ഇങ്ങനെ കർമയോഗം ജ്ഞാനയോഗത്തിന്റെ ഒരു മാർഗമായിത്തീരുന്ന. ഇത്തരത്തിലുള്ള ജ്ഞാനം അഹങ്കാരമകറ്റാനും ഈശ്വരന്റെ ഇച്ഛാശക്തിക്കു മുമ്പിൽ തന്നെത്താനർപ്പിക്കാനും ജീവാത്മാവിനെ സഹായിക്കുന്ന. ഇപ്രകാരമാണ് നിഷ്കാമകർമം ദൈവഭക്തിയായി മാറുന്നത്. മറ്റെല്ലാം പരിത്യജിച്ചുകൊണ്ടുള്ള അഗാധവും പരിപക്വവും ഇടവിടാത്തതുമായ ഭക്തി ജീവാത്മാവിനെ ബ്രഹ്മസാക്ഷാത്കാരത്തിലേക്ക് നയിക്കുന്ന. ഇതാണ് മോക്ഷത്തിനുള്ള വഴി.

ഭക്തിമയമായ ജീവിതത്തിന്റെ പ്രാധാന്യമൂന്നുന്ന രാമാനുജന്റെ ഈ തത്വശാസ്ത്രം ശങ്കരന്റെ പാണ്ഡിത്യപൂർണമായ തത്വശാസ്ത്രത്തിൽ നിന്ന് എങ്ങനെ വ്യത്യസ്തമായിരിക്കുന്ന എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഡോക്ടർ രാധാകൃഷ്ണൻ തന്റെ ഇന്ത്യൻ തത്വശാസ്ത്രത്തിൽ എഴുതുന്ന:

ശങ്കരന്റെ ബ്രഹ്മം വിറങ്ങലിച്ചതാണ്, നിശ്ചലമാണ്. മുൻകൈയെടുക്കാനോ സ്വാധീനം ചെലുത്താനോ ഒട്ടും തന്നെ കഴിവില്ലാത്തതാണ്. അതുകൊണ്ടതിന് നമ്മുടെ ആരാധനയെ ആകർഷിക്കാൻ കഴിയുന്നില്ല. താനണർത്തിവിടുന്ന ബഹുമാനത്തെപ്പറ്റി ബോധമില്ലാത്ത താജ്മഹലിനെപ്പോലെ ശങ്കരന്റെ ബ്രഹ്മം തന്നെ ആരാധകൻമാരുടെ ഭയത്തിലും ഭക്തിയിലും ലേശം പോലും താൽപര്യം കണിക്കാതെ നിലകൊള്ളുന്ന. മതത്തിന്റെ ലക്ഷ്യം തന്നെയാണ തത്വശാസ്ത്രത്തിന്റെയും ലക്ഷ്യമെന്ന കരുതുന്നവർക്ക് ശങ്കരന്റെ വീക്ഷണഗതി പാണ്ഡിത്യപൂർണമായ തെറ്റിന്റെ ഒരു മികച്ച ഉദാഹരണമായിത്തോന്നും. നേരേ മറിച്ച് രാമാനുജന്റെ വിശിഷ്ടാദ്വൈതത്തിന് ജനങ്ങളെ കൂടുതൽ ആകർഷിക്കാൻ സാധിച്ചു. വൈഷ്ണവമതത്തിന് ഒരു താത്വികാടിസ്ഥാനം നൽകുകയും രണ്ടു നൂറ്റാണ്ടുകൾക്കുശേഷം രാമാനന്ദന്റെ നേതൃത്വത്തിലാരംഭിച്ച ഭക്തിപ്രസ്ഥാനത്തിന പ്രചോദനം നൽകുകയും ചെയ്തത് രാമാനുജന്റെ തത്വശാസ്ത്ര സമ്പ്രദായമാണ്.

## 5 മാധ്വാചാര്യർ

ക്രിസ്തുവബ്ദം 1199-ൽ ഇന്ത്യയുടെ പടിഞ്ഞാറേ കരയിൽ കേരളത്തിന്റെ വടക്കുഭാഗത്തുള്ള ഉടുപ്പിക്കടുത്ത് ജനിച്ച വലിയൊരു ദാർശനികനായി വളർന്ന മാധ്വാചാര്യരും ഒരു വേദാന്തിയായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റേത് അദ്വൈതവാദമല്ല, വിശിഷ്ടാദ്വൈതവാദവുമല്ല, ദ്വൈതവാദമാണ്. ബാദരായണന്റെ ബ്രഹ്മസൂത്രത്തിന് അദ്ദേഹവും ഒരു ഭാഷ്യമെഴുതിയിട്ടുണ്ട്. അതിനുപുറമെ തന്റെ വീക്ഷണഗതിയിലെ പ്രധാനനിഗമനങ്ങളെ വിവരിക്കുന്ന അനുവ്യാഖ്യാനം എന്ന മറ്റൊരു ഗ്രന്ഥവും അദ്ദേഹം എഴുതിയുണ്ടാക്കി. പിന്നീട് അദ്ദേഹത്തിന്റെ ശിഷ്യൻമാരായ ജയതീർത്ഥൻ, വ്യാസയതി മുതലായ പണ്ഡിതൻമാർ ഈ ഗ്രന്ഥങ്ങൾക്കു പല വ്യാഖ്യാനങ്ങളും എഴുതുകയുണ്ടായി. ഈ ഗ്രന്ഥങ്ങളെല്ലാം തന്നെ ശങ്കരാചാര്യരുടെ അദ്വൈതസിദ്ധാന്തങ്ങളെ ഖണ്ഡിക്കുകയും ദ്വൈതവാദപരമായ വീക്ഷണഗതിക്കു രൂപം കൊടുക്കുകയുമാണ് പ്രധാനമായും ചെയ്യുന്നത്.

രാമാനുജന്റെ അഭിപ്രായത്തിൽ മൂന്നു നിത്യസത്യങ്ങളുണ്ട്. ഈശ്വരനും ആത്മാവും ജഗത്തും. മൂന്നും സ്വതന്ത്രമായി നിലനിൽക്കുന്ന യാഥാർത്ഥ്യങ്ങളാണ്. ശങ്കരന്റെ ആത്മബ്രഹ്മൈക്യവാദത്തെ അദ്ദേഹം കഠിനമായി എതിർക്കുന്നു. ജീവാത്മാവും പരമാത്മാവും ഒന്നാണെങ്കിൽ പിന്നെ ബ്രഹ്മജിജ്ഞാസയ്ക്ക്, ബ്രഹ്മത്തെ അറിയാനുള്ള പരിശ്രമങ്ങൾക്ക് യാതൊരർത്ഥവുമില്ല. നമ്മൾ ബ്രഹ്മമല്ലാത്തതുകൊണ്ടാണ് ബ്രഹ്മത്തിന്റെ സ്വഭാവം നമ്മുടെ അന്വേഷണത്തിനുവിധേയമായിത്തീരുന്നത്. അതുകൊണ്ട് ആത്മാവും പരമാത്മാവും ഒന്നല്ല, -രണ്ടാണ്.

ജ്ഞാതാവും ജ്ഞേയവും രണ്ടുമില്ലാതെ ജ്ഞാനമില്ല. ജ്ഞാനത്തിന് ജ്ഞാതാവായ വിഷയിയും ജ്ഞേയമായ വിഷയവുമുണ്ടാകണം. മറ്റൊരുവിധം പറഞ്ഞാൽ, വസ്തുവിന്റെ യാഥാർത്ഥ്യമംഗീകരിക്കാതെ ആശയത്തിന്റെ യാഥാർത്ഥ്യമംഗീകരിക്കുക സാദ്ധ്യമല്ല. അതുകൊണ്ട് ജഗത്ത് മിഥ്യയല്ല, സത്യമാണ്.

പ്രപഞ്ചത്തിന്റെ ഭൗതികകാരണമായി മാധ്വൻ പ്രകൃതിയെ അംഗീകരിക്കുന്നു. പ്രകൃതിയാണ് ജഗത്തിന്റെ കാരണം. പ്രകൃതിയിലുണ്ടാകുന്ന പരിണാമങ്ങളുടെ ഫലമായിട്ടാണ് മറ്റു വസ്തുക്കളെല്ലാമുദ്ഭവിക്കുന്നത്. പരിണാമിയായ പ്രകൃതിയിൽ നിന്നാണ് ലിംഗശരീരങ്ങൾ — സൂക്ഷ്മങ്ങളായ ശരീരങ്ങൾ — ആവിർഭവിക്കുന്നത്. സത്വരജസ്തമോഗുണങ്ങളുടെ ഉറവിടമാണ് പ്രകൃതി.

എന്നാൽ, പ്രകൃതി ദൈവത്തിന്റെ നിയന്ത്രണത്തിലാണ്. ആത്മാവും ജഗത്തും യഥാർത്ഥങ്ങളാണെങ്കിൽ കൂടി അവ ഈശ്വരനധീനമാണ്. ഈശ്വരനാണ് പരമസത്യം. ലോകം അതിന്റെ സൃഷ്ടിയാണ്. ഈശ്വരനാണ് ജഗത്തിനു യാഥാർത്ഥ്യം നൽകിയത് എന്നർത്ഥം. എല്ലാ ജീവജാലങ്ങളിലും അന്തര്യാമിയായി ഈശ്വരൻ പ്രകാശിക്കുന്നു. വേദാദ്ധ്യയനം വഴിയായി ഈശ്വരന്റെ സ്വരൂപം ശരിക്കു മനസ്സിലാക്കാൻ കഴിയും. അതുകൊണ്ട് വേദാദ്ധ്യയനം ആവശ്യമാണ്.

ബ്രഹ്മത്തിനു മാത്രമേ സർവകർതൃത്വമുള്ളൂ. അതായത് ഈശ്വരനാണ് എല്ലാം ചെയ്യുന്നത്. ഈ ജ്ഞാനത്തോടുകൂടിയല്ലാതെ ചെയ്യപ്പെടുന്ന കർമ്മം കർത്താവായ വ്യക്തിയുടെ അഹങ്കാരത്തിനു വഴിതെളിക്കും. അതുകൊണ്ട് കർമത്തിന്റെയും സാന്മാർഗികജീവിതത്തിന്റെയുമെല്ലാം അടിസ്ഥാനം യാഥാർത്ഥ്യത്തെപ്പറ്റിയുള്ള ഈ ജ്ഞാനമാണ്. ഈ ജ്ഞാനം നേടിക്കൊണ്ട് മോക്ഷത്തിനുവേണ്ടി പരിശ്രമിക്കുകയാണ് മനുഷ്യന്റെ കർത്തവ്യം.

എന്നാൽ, ഈശ്വരന്റെ കൃപയുണ്ടെങ്കിൽ മാത്രമേ മനുഷ്യന് മുക്തി ലഭിക്കുകയുള്ളൂ. ഈശ്വരകൃപയല്ലാതെ മറ്റുമാർഗ്ഗമൊന്നുമില്ല. അതിനാൽ ഈശ്വരകൃപയ്ക്കുവേണ്ടി പ്രവർത്തിക്കുക. ഈശ്വരകൃപയോടു കൂടി മോക്ഷം നേടാൻ കഴിയുന്ന ഒരാൾക്ക് ബ്രഹ്മത്തിന്റെ ഗുണങ്ങൾ തന്നിൽതന്നെയടങ്ങിയിരിക്കുന്നു എന്നു കാണാൻ കഴിയും. ഇങ്ങനെ ബ്രഹ്മത്തെ സാക്ഷാത്കരിക്കുന്നവർ അനന്തവും അവർണനീയവുമായ ആനന്ദമനുഭവിക്കുന്നു.

# 6 മദ്ധ്യകാലത്തെ തത്വചിന്ത

മാധ്വാചാര്യർക്കുപുറമെ, നിംബർക്കൻ, വല്ലഭൻ തുടങ്ങിയ മറ്റു ചില ആചാര്യൻമാരും താന്താങ്ങളുടെ പ്രത്യേകമായ ദർശനസമ്പ്രദായങ്ങൾ സ്ഥാപിക്കുകയുണ്ടായി. നിംബർക്കന്റെ സമ്പ്രദായം ദ്വൈതവാദമെന്ന പേരിലും വല്ലഭന്റേത് വല്ലഭവേദാന്തമെന്ന പേരിലും അറിയപ്പെടുന്നു. എന്നാൽ വ്യാഖ്യാനങ്ങൾക്കും ഭാഷ്യങ്ങൾക്കും എന്തൊക്കെ തന്നെ വ്യത്യാസങ്ങളുണ്ടെങ്കിലും വേദാന്തദർശനം പൊതുവിൽ ആത്മീയവാദത്തിലാണടിയുറച്ചുനിൽക്കുന്നത്. അതുകൊണ്ടാണ് വേദാന്തം ഹിന്ദുമതത്തിന്റെ താത്വികാടിസ്ഥാനമായിത്തീർന്നത്. അതുകൊണ്ടുതന്നെയാണ് ആത്മീയവാദികളായ ആധുനികതത്വശാസ്ത്രജ്ഞൻമാർ ന്യായം വൈശേഷികം മുതലായ ദർശനങ്ങളെ അപേക്ഷിച്ച് വേദാന്തത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നത്. ഇന്ത്യൻ തത്വശാസ്ത്രമെന്നാൽ വേദാന്തമാണെന്നും വേദാന്തത്തിനല്ലാതെ മറ്റൊരു ദർശനത്തിലും ഇന്ത്യയിൽ സ്ഥാനമില്ലെന്നുള്ള ഒരു ധാരണ പരത്താൻ പോലും അവർ ശ്രമിച്ചുനോക്കിയിട്ടുണ്ട്. എന്നാൽ, ആത്മീയവാദത്തിന് അതിരുകവിഞ്ഞ മേധാവിത്വമുണ്ടായിരുന്ന മധ്യകാലത്തുപോലും ഇന്ത്യയിൽ അവിടെയും ഇവിടെയുമായി, പ്രത്യേകിച്ചും സാധാരണക്കാരായ ജനങ്ങളുടെ ഇടയിൽ ഭൗതികവാദചിന്തകളും നിലനിന്നുപോന്നിരുന്നുവെന്നാണ് വാസ്തവം. ഇന്ത്യൻ തത്വശാസ്ത്രത്തിന്റെ ചരിത്രം മുൻവിധികൾ കൂടാതെ നിഷ്പക്ഷമായി പരിശോധിക്കുന്ന ആർക്കും ഇത് വ്യക്തമാവും.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടീഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10